ഉത്തരം

(എ) 43 ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണവും 24 ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസുകളുടെ അന്വേഷണവും നടക്കുന്നുണ്ട്.

(ബി) 67 ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(സി) ആരേയും പിരിച്ചുവിട്ടിട്ടില്ല.

വനം കയ്യേറ്റങ്ങൾ

133 [444] ശ്രീ. എൻ. ശക്തൻ:

,, തമ്പാനൂർ രവി:

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ:

,, ഇ. എം. അഗസ്തി:

ശ്രീമതി മാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം റവന്യൂ രേഖകൾ അനുകൂലമാണെന്നവകാശപ്പെട്ടുകൊണ്ട് എവിടെയെല്ലാം വനം കയ്യേറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പൊന്തൻപുഴ, കല്ലേലി എന്നിവിടങ്ങളിൽ ഇത്തരം കയ്യേറ്റ ശ്രമമുണ്ടായിട്ടുണ്ടോ;

(സി) ഈ കയ്യേറ്റങ്ങൾക്കാധാരമായ റവന്യൂ രേഖകൾ വ്യാജമാണോ;

(ഡി) എങ്കിൽ ഇതിന്റെ നിജസ്ഥിതിയെപ്പറ്റി അന്വേഷിക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു സമർപ്പിക്കുന്നതാണ്.

ഡബ്ളിയു.ജി.ഡി.പി. പദ്ധതിയിൽ ചെലവഴിച്ച തുക

134 [445] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എഫ്.ഡി.സി. പമ്പ, ഗവി. ഡിവിഷനുകൾക്ക് 2002 മുതൽ 2004 വരെയുള്ള മൂന്ന് വർഷങ്ങളിൽ ഡബ്ളിയു.ജി.ഡി.പി. അനുസരിച്ച് എത്ര ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്; ഡിവിഷൻ തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പദ്ധതികൾക്ക് തുക ചെലവഴിച്ചുവെന്ന് അറിയിക്കാമോ;

(സി) 2004-2005 വർഷത്തേക്ക് ഡബ്ളിയു.ജി.ഡി.പി.-യിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര രൂപ വീതമാണെന്നും ഏതു തരത്തിലുള്ള വികസന പ്രവർത്തനത്തിനാണ് തുക ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കെ.എഫ്.ഡി.സി.-യുടെ മേൽനോട്ടത്തിലുള്ള വനസംരക്ഷണ സമിതിക്ക് കഴിഞ്ഞ 3 വർഷങ്ങളിൽ വനം വകുപ്പിൽനിന്നും എത്ര രൂപ ലഭിച്ചിട്ടുണ്ട്;

(എഫ്.) വി.എസ്.എസ്സ്.-ന്റെ ചുമതലയിൽ പമ്പയിൽ എത്ര ഹെക്ടർ യൂക്കാലിപ്റ്റസ് മുള പ്ളാന്റേഷൻ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ജി) കെ. എഫ്. ഡി. സി.-യുടെ മുൻകൈ എടുത്ത് പുതുതായി രൂപീകരിച്ചിട്ടുള്ള വന സംരക്ഷണ സമിതിയുടെ ഘടന വ്യക്തമാക്കുമോ; ഇടുക്കി ജില്ലയിൽ എവിടെയെല്ലാം ഡബ്ളിയു.ജി.ഡി.പി. ഫണ്ട് ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എഫ്.ഡി.സി.-യ്ക്ക് 2001 മുതൽ 2004 വരെയുള്ള മൂന്ന് വർഷങ്ങളിൽ ഡബ്ളിയു.ജി.ഡി.പി. അനുസരിച്ച് ലഭിച്ച തുക താഴെ ചേർക്കുന്നു:

2001-2002	..	134	ലക്ഷം രൂപ
2002-2003	..	101	
2003-2004	..	110.50	,,
ആകെ	..	345.50	,,

പ്രസ്തുത പദ്ധതിപ്രകാരം പമ്പാ, ഗവി ഡിവിഷനുകൾക്ക് കോർപ്പറേഷൻ അനുവദിച്ച തുക താഴെ പറയും പ്രകാരമാണ്:

1. പമ്പാ	..	34.25 ലക്ഷം (മൂന്നു വർഷത്തേക്ക്)
2. ഗവി	..	39.00 ലക്ഷം (മൂന്നു വർഷത്തേക്ക്)

(ബി) മേൽ ഡിവിഷനുകളിൽ ചിലവാക്കിയ തുകയുടെ പദ്ധതി/വർഷം തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു:

2001-2002		*പമ്പ*	*ഗവി*
		(രൂപ ലക്ഷത്തിൽ)	
1. ഇക്കോ റസ്റ്റോറേഷൻ ആന്റ് ഡവലപ്പ്മെന്റ് ആന്റ് ഡവലപ്പ്മെന്റ് ഓഫ് കാർഡമം ആന്റ് പൾപ്പ് വുഡ് പ്ലാന്റേഷൻസ്	..	7.40	4.75
2. കൺസർവേഷൻ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ഡിഗ്രേഡഡ് ഫോറസ്റ്റ്സ് ബൈ	..	4.70	2.50
3. ഡവലപ്പ്മെന്റ് ഓഫ് ഇക്കോ-ടൂറിസം	..	..	5.75
ആകെ	..	12.10	13.00

LIBRARY ARCHIVES Kerala Legislative Assembly

2001-2002		പമ്പ	ഗവി
1. മിനാർ മൈക്രോ വാട്ടർ ഷെഡ്	..	..	14·00
2. കല്ലാർ മൈക്രോ വാട്ടർ ഷെഡ്	..	9·00	..
ആകെ	..	9·10	14·00

2003-2004		പമ്പ	ഗവി
1. മിനാർ മൈക്രോ വാട്ടർ ഷെഡ്	..	..	12·00
2. കല്ലാർ മൈക്രോ വാട്ടർ ഷെഡ്	..	13·15	..
ആകെ	..	13·15	12·00

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) കെ.എഫ്.ഡി.സി-യുടെ കീഴിലുള്ള 20 തോട്ടം സംരക്ഷണ സമിതിക്ക് കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് 15 ലക്ഷം രൂപ (പതിനഞ്ച് ലക്ഷം രൂപ) ലഭിച്ചിട്ടുണ്ട്.

(എഫ്) വി.എസ്.എസ്സ്.-ന്റെ ചുമതലയിൽ പമ്പയിൽ 50 ഹെക്ടർ യൂക്കാലിപ്റ്റസ് തോട്ടമുണ്ട്.

(ജി) ഏകദേശം 50 കുടുംബങ്ങൾ ചേർന്നാണ് ഒരു വനസംരക്ഷണ സമിതി രൂപീകരിക്കുന്നത്. അവരിൽനിന്ന് തെരഞ്ഞെടുക്കുന്ന 10 അംഗങ്ങളെ ചേർത്ത് ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കുന്നു. അതിൽ രണ്ട് പേർ സ്ത്രീകളും കുറഞ്ഞത് രണ്ട് പേരെങ്കിലും പട്ടികജാതി പട്ടികവർഗ്ഗക്കാരും ആയിരിക്കണം. അതാത് പദ്ധതി പ്രദേശത്തെ ട്രൈബൽ ഡെവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റ് പ്രതിനിധി പ്രത്യേക ക്ഷണിതാവായിരിക്കും. കമ്മിറ്റിയിൽ ആ പ്രദേശത്തിന്റെ ഉത്തരവാദിത്തം വഹിക്കുന്ന ഫീൽഡ് അസിസ്റ്റന്റും പദ്ധതി പ്രദേശം ഉൾപ്പെടുന്ന പഞ്ചായത്തിന്റെ വാർഡ് മെമ്പറും അംഗങ്ങളായിരിക്കണം. പദ്ധതി പ്രദേശം ഉൾപ്പെടുന്ന യൂണിറ്റിന്റെ അസിസ്റ്റന്റ് മാനേജർ കമ്മിറ്റിയുടെ എക്സ് ഒഫിഷ്യോ സെക്രട്ടറിയായിരിക്കും. ഏതെങ്കിലും വനസംരക്ഷണ സമിതിയുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ലെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം സമിതി പിരിച്ചു വിടാനുള്ള അധികാരം മാനേജിംഗ് ഡയറക്ടർക്ക് ഉണ്ട്. മേൽ വിവരിച്ച പ്രകാരമാണ് വനസംരക്ഷണ സമിതിയുടെ ഘടന. ഇടുക്കി ജില്ലയിൽ കെ.എഫ്.ഡി.സി.-യുടെ മൂന്നാർ ഡിവിഷന്റെ കീഴിൽ വരുന്ന കടലാർ, സൈലന്റ് വാലി, മാങ്കുളം, കൂട്ടക്കുഴി (കന്നിഏലം) പ്രദേശങ്ങളിൽ ഡബ്ളിയു.ജി.ഡി.പി. ഫണ്ട് ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly